## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3155

07.02.2018- ൽ
മറുപടിയ്ക്ക്

**പട്ടയം നൽകാനുള്ള നടപടികൾ**

ചോദ്യം
ശ്രീ.എം. രാജഗോപാലൻ

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| (എ) കാസർഗോഡ് ജില്ലയിലെ പുഴപുറമ്പോക്കുകളിൽ വർഷങ്ങളായി താമസിച്ചു വരുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ) കാസർകോട് ജില്ലയിലെ ചെറുവത്തൂർ പഞ്ചായത്തിലെ പുഴപുറമ്പോക്കിൽ താമസിക്കുന്ന 67 കുടുംബങ്ങളുടെ പട്ടയത്തിനായുള്ള അപേക്ഷകൾ സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ചതിൽ നിലവിലുള്ള ഭൂമി പതിവ് നിയമപ്രകാരം പുഴപുറമ്പോക്ക് ഇനത്തിൽപ്പെട്ട ഭൂമി പതിവ് വിധേയമല്ല എന്നും പുഴതീരങ്ങളിലുള്ള ഭൂമി പതിച്ചു നൽകരുതെന്ന് സുപ്രീം കോടതി വിധിന്യായമുള്ളതായും കാണുന്നു. 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് 218 (1) വകുപ്പ്, മുനിസിപ്പാലിറ്റി ആക്ടിലെ 208 എ (1) വകുപ്പ് എന്നിവ പ്രകാരം പഞ്ചായത്തിലും നഗരസഭയിലും നിക്ഷിപ്തമായ ജലസ്രോതസ്സുമായി ബന്ധപ്പെട്ട പുറമ്പോക്ക് ഭൂമി സർക്കാരിൽ പുനർനിക്ഷിപ്തമാക്കിയാൽ മാത്രമെ പുഴപുറമ്പോക്ക് പതിച്ചു നൽകുവാൻ സാധിക്കുകയുള്ളൂ. പുഴ പുറമ്പോക്ക്, കുളം പുറമ്പോക്ക്, തോട് പുറമ്പോക്ക്, കനാൽ പുറമ്പോക്ക്, കായൽ പുറമ്പോക്ക് എന്നിങ്ങനെ റവന്യൂ രേഖകളാൽ വിവിധ ഇനം പുറമ്പോക്കുകളിൽപ്പെട്ട സ്ഥലങ്ങളിൽ, സാധാരണക്കാരായ പതിനായിരക്കണക്കിന് കുടുംബങ്ങൾ സംസ്ഥാനത്തൊട്ടാകെ താമസിച്ചു വരുന്നുണ്ട്. ഇവരിൽ പലർക്കും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വീട്ട് നമ്പർ ലഭിച്ചിട്ടുള്ളതും റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ എന്നിവയുള്ളവരുമാണ്. കൈവശമുള്ള ഭൂമിയ്ക്ക് പട്ടയം ലഭിക്കണമെന്നത് ഇത്തരം ഭൂമിയിൽ താമസിച്ചു വരുന്ന പതിനായിരക്കണക്കിന് കുടുംബങ്ങളുടെ വർഷങ്ങളായുള്ള ആവശ്യമാണ്. പുഴ പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് പൊതു |

| | | |
|---|---|---|
| | | വിഷയം 28565/യു3/15/റവ നമ്പർ ഫയലിൽ പരിശോധനയിലാണ്. പ്രസ്തുത വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് മാത്രമേ പട്ടയത്തിനായുള്ള അപേക്ഷകളിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. |
| (ബി) ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നായി ഇത്തരത്തിൽ എത്ര അപേക്ഷകർ ഉണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി പുഴപുറമ്പോക്കിൽ താമസിക്കുന്നവരുടെ 105 അപേക്ഷകൾ നിലവിലുണ്ട്. |

Indu.G.S

**സെക്ഷൻ ഓഫീസർ**